DESPATCHED On 15/12/2020

(59)

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 531*(2)/2020*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊള്ള നടപടി ക്രമം

(ഫയൽ നമ്പർ **4773/എസ്.ഐ.സി-ജി 6/2020**)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ അബ്ദാൾ കലാം കെ.,**
**പാതിക്കുടി,**
**കാരന്തൂർ,**
**കോഴിക്കോട് – 673 571.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ/**
   **സെക്രട്ടറി**
   **കുന്ദമംഗലം ഗ്രാമപഞ്ചായത്ത്**
   **കോഴിക്കോട് – 673 571.**

2. **അപ്പീൽ അധികാരി &**
   **പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,**
   **പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,**
   **സിവിൽ സ്റ്റേഷൻ, കോഴിക്കോട് – 673020.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.12.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30.12.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 31.01.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.02.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 19.03.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 05.05.2020 |
| ഹിയറിംഗ് നടന്ന തീയതി | 12.11.2020, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

O/C

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. അബ്ദുൾ കലാം കെ., 19.03.2020 ന് സമർപ്പിച്ച അപ്പീൽ ഹർജി 05.05.2020 ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.531(2)/20/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും തൃപ്തികരമായ വിവരങ്ങൾ ലഭ്യമായില്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 03.12.2019 ന് നൽകിയ അപേക്ഷയ്ക്ക് 30.12.2019 ന് മറുപടി നൽകിയതായും കാണുന്നു. ഈ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 31.01.2020ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 26.02.2020 ന് നൽകിയ മറുപടിയിൽ 03.12.2019 ന് അപ്പീൽവാദി സമർപ്പിച്ച അപേക്ഷയ്ക്ക് 01.01.2020 ൽ മറുപടി നൽകിയിട്ടുണ്ടന്നും ഹർജ്ജിക്കാരൻ 20.11.2019 ൽ പ്രൊഫഷണൽ കൊറിയർ മുഖേന അയച്ച ഓർമ്മക്കുറുപ്പിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് സാക്ഷ്യപ്പെടുത്തി അറിയിക്കുന്നതിനാണ് ആവശ്യപ്പെട്ടിരുന്നതെന്നുമാണ്. ആയതിന് 20.11.2019 മുതൽ തപാൽ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ അത്തരത്തിൽ തപാൽ രേഖപ്പെടുത്തിയിട്ടില്ലെന്ന മറുപടി നൽകിയതായും ബോധിപ്പിച്ചിട്ടുണ്ട്. 2,3,4 നമ്പറുകളായി ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓർമ്മക്കുറിപ്പുമായി ബന്ധപ്പെട്ട വിവരങ്ങളായതിനാൽ ഇവയ്ക്ക് ബാധകമല്ലെന്ന മറുപടി നൽകിയതെന്നും ബോധിപ്പിച്ചിട്ടുണ്ട്.

4. 04.06.2020ന് കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 18.06.2020 ന് രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീലിന്മേൽ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി പരിഗണിക്കുകയും 11.02.2020ന്

ഹർജിക്കാരൻ ഹാജരാകുകയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കുവേണ്ടി സീനിയർ ക്ലർക്ക് ശ്രീ.സുധീർ കുമാർ കെ.എം. ഹാജരായി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുകയും ചെയ്തു. 20.11.2019ന് ആബിദ, കുന്ദമംഗലം ഗ്രാമപഞ്ചായത്ത്, കുന്ദമംഗലം എന്ന വിലാസത്തിൽ കൊറിയർ മുഖേന അയച്ച തപാൽ സംബന്ധിച്ച വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്നും പ്രസ്തുത തപാൽ അസി.സെക്രട്ടറി ശ്രീ.രാജേഷ് കൈപ്പറ്റിയതായി ഹർജിക്കാരൻ സമർപ്പിച്ച രേഖകളിൽ നിന്നും വ്യക്തമാകുന്നുവെന്നുമാണ്. കൂടാതെ ടി തപാൽ അസി.സെക്രട്ടറി കൈപ്പറ്റിയെങ്കിലും പേര് വച്ച കവറിൽ ആയതിനാൽ സെക്രട്ടറി ശ്രീമതി.ആബിദക്ക് കൈമാറിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ. ബോധിപ്പിച്ചിട്ടുണ്ട്. ടി തപാൽ ഫ്രണ്ടോഫീസിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് എസ്.പി.ഐ.ഒ. റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും പ്രസ്തുത തപാലിൽ അപ്പീൽ വാദി അയച്ചു നൽകിയെന്ന് മൊഴി നൽകിയ ഓർമ്മക്കുറിപ്പ് സംബന്ധിച്ച് തപാൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്നും ആയതിനാലാണ് 2, 3, 4 എന്നിവയ്ക്ക് മറുപടി നൽകാൻ കഴിയാതിരുന്നതെന്ന് അപ്പീൽ അധികാരി നിരീക്ഷിക്കുകയും ഹർജിക്കാരൻ അയച്ചു നൽകിയ തപാൽ കുന്ദമംഗലം ഗ്രാമഞ്ചായത്ത് സെക്രട്ടറി ശ്രീമതി. ആബിദ എന്നവർക്ക് കൈമാറിയിട്ടുണ്ടെങ്കിൽ പ്രസ്തുത തപാൽ സംബന്ധിച്ച വിവരങ്ങൾ(ഔദ്യോഗിക തപാലാണെങ്കിൽ രജിസ്റ്റർ ചെയ്യാതിരിക്കാനുള്ള കാരണം ഉൾപ്പെടെ) ശ്രീമതി ആബിദ എന്നവരിൽ നിന്നും രേഖാമൂലം ആരാഞ്ഞ് പ്രസ്തുത വിവരം ഹർജിക്കാരന് ടി ഉത്തരവ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ നൽകുന്നതിന് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നും എന്നാൽ ആയതിൽ തൃപ്തിവരാതെയാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 12.11.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ അപ്പീൽ അധികാരിയുടെ നിർദ്ദേശപ്രകാരം ബന്ധപ്പെട്ട തപാൽ സംബന്ധിച്ച വിവരം കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രിമതി ആബിദ എന്നവരിൽ

നിന്നും രേഖാമൂലം ആരാഞ്ഞ് പ്രസ്തുത വിവരം ഹർജിക്കാരനെ 05.06.2020ന് അറിയിക്കുകയും ടി കത്ത് ഹർജിക്കാരൻ കൈപ്പറ്റിയിട്ടുണ്ടെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ 6(1) അപേക്ഷയ്ക്ക് പ്രസ്തുത തപാൽ ടി ഓഫീസിൽ ലഭ്യമായിട്ടില്ലെന്ന് തെറ്റായ മറുപടിയാണ് നൽകിയതെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. മാത്രമല്ല 26.02.2020ലെ അപ്പീൽ അധികാരിയുടെ ഉത്തരവിനു ശേഷവും മൂന്നുമാസത്തിലധികം കാലതാമസം വരുത്തിയിട്ടാണ് ടിയാന് പ്രസ്തുത വിവരം നൽകിയിരിക്കുന്നത്. ആകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്ക് ഗുരുതരമായ വീഴ്ച സംഭവിച്ചതായി കമ്മീഷൻ വിലയിരുത്തുന്നു. ടി എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കാണുന്നതിനാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

6. മേൽ നിർദ്ദേശ പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 നവംബർ 27-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

27/2/23


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**A.P.531(2)/2020/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.4773/SIC-G6/2020**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. അബ്ദുൾ കലാം കെ.,<br>പാതിക്കുടി, കാരന്തൂർ,<br>കോഴിക്കോട്-673 571 | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സെക്രട്ടറി,<br>കുന്ദമംഗലം ഗ്രാമപഞ്ചായത്ത് കാര്യാലയം,<br>കോഴിക്കോട്-673 571<br>2. അപ്പീൽ അധികാരി &<br>പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ<br>കാര്യാലയം, സിവിൽ സ്റ്റേഷൻ,<br>കോഴിക്കോട്-673020 | എതിർകക്ഷികൾ |

**അന്തിമ ഉത്തരവ്**

മേൽ അപ്പീൽ ഹർജിയിലെ കമ്മീഷന്റെ 2020 നവംബർ മാസം 27-ാം തീയതിയിലെ ഉത്തരവ് പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ വിശദീകരണം തൃപ്തികരമായതിനാൽ ഈ അപ്പീൽ ഹർജിയിൽ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2023 ഫെബ്രുവരി മാസം 16 -ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION

dp